**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2591** **09.05.2017 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ വേഗത്തിൽ നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷക പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട്; ഇതിന് വർഷത്തിൽ എത്ര കോടി രൂപ വേണം ; | എ) 2016-17 സാമ്പത്തിക വർഷത്തിൽ 356663 കർഷകരാണ് കർഷക പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരുന്നത്. എന്നാൽ അനർഹരായ ചിലർ കർഷക പെൻഷൻ കൈപ്പറ്റുന്നു എന്ന ആക്ഷേപം ഉണ്ടായതിനെ തുടർന്ന് കർഷക പെൻഷൻ ലഭ്യമാകുന്നവരുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. കുടിശ്ശിക ഇല്ലാതെ കർഷക പെൻഷൻ നൽകുന്നതിന് 301.53 കോടി രൂപ കൂടി ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 255.20 കോടി രൂപ കർഷക പെൻഷൻ നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| ബി) 2017- 18 സാമ്പത്തിക വർഷം മുതൽ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസ പെൻഷൻ എത്ര രൂപ വീതമാണ്; | ബി) 01.06.2016 മുതൽ പ്രതിമാസ പെൻഷൻ 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ തുക 1100 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) കർഷക പെൻഷൻ നിലവിൽ കുടിശ്ശികയുണ്ടോ;ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത്; | സി) കുടിശ്ശികയുണ്ട്.<br>കർഷക പെൻഷൻ ജൂലൈ 2016 മുതൽ ഡിസംബർ 2016 വരെ 6 മാസത്തെ കുടിശ്ശികയും 2017 ഏപ്രിൽ, മേയ് 2 മാസത്തെ കുടിശ്ശികയും ചേർത്ത് ആകെ 8 മാസത്തെ കുടിശ്ശികയാണുള്ളത്. |

| | | | |
|---|---|---|---|
| ഡി) | കുടിശ്ശിക പെൻഷൻ കഴിവതും വേഗത്തിൽ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | ഡി) | കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ആവശ്യമായ തുക എസ്.ഡി.ജി മുഖേന ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**